"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. രഞ്ജിത്ത് ആർ. വി. -യുടെ പിതാവിന് ചികിത്സാ ഇനത്തിലുള്ള മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (കൈ) നം. 67/2025/ധന** **തീയതി, തിരുവനന്തപുരം, 03-06-2025**

പരാമർശം :- 1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 13/02/2025 തീയതിയിലെ നം കെ എസ് എ 2920/അക്കൗണ്ട്സ്.4/2025 നം കത്ത്.
2. ജില്ലാ മെഡിക്കൽ ഓഫീസറുടെ 21/01/2025 തീയതിയിലെ സി3-1149121/2024/ജി. മെ.ആ നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. രഞ്ജിത്ത് ആർ. വി. -യുടെ പിതാവിന് തിരുവനന്തപുരം കിംസ് ഹെൽത്ത് സെന്റർ ആശുപത്രിയിൽ നടത്തിയ ചികിത്സയുമായി ബന്ധപ്പെട്ട് 20.01.2024 മുതൽ 23.01.2024 വരെ ചെലവായ തുക മെഡിക്കൽ റീഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിലേക്ക് അപേക്ഷയും അനുബന്ധരേഖകളും പരാമർശം (1) -ലെ കത്ത് പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷയിന്മേലുള്ള പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 19,062/- രൂപ അനുവദനീയമാണെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീ. രഞ്ജിത്ത് ആർ. വി. -യുടെ പിതാവിന് തിരുവനന്തപുരം കിംസ് ഹെൽത്ത് സെന്റർ ആശുപത്രിയിൽ 20.01.2024 മുതൽ 23.01.2024 വരെ വരെ ചികിത്സയുമായി ബന്ധപെട്ട ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിച്ച 19,062/- രൂപയുടെ 80 ശതമാനമായ 15,250/- രൂപ (പതിനയ്യായിരത്തി ഇരുനൂറ്റിയൻപത് രൂപ മാത്രം) സ.ഉ (അച്ചടി) നം. 100/2024/ധന തീയതി, 22/11/2024 ഉത്തരവിലെ ക്രമ നം.3 പ്രകാരം പ്രതിപൂരണം ചെയ്ത് ഉത്തരവാകുന്നു.

പ്രസ്തുത ചെലവ് '2054-00-098-99-01 (4) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് (Non-Plan)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. പുനഃപരിശോധനയിൽ അധിക തുക നൽകിയതായി ശ്രദ്ധയിൽപ്പെട്ടാൽ അപേക്ഷകൻ പ്രസ്തുത തുക തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൽസി ജോർജ്ജ്**
**അണ്ടർ സെക്രട്ടറി**

പകർപ്പ് :-

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ (കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മുഖേന)
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (ഫയൽ നം. ഇ: 3088321/എസ്റ്റാ-ഡി4/39/2025-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ